**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1412** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മടിക്കൈ സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കാഞ്ഞങ്ങാട് മണ്ഡലത്തിൽ മടിക്കൈ സുബ്രഹ്മണ്യൻ തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സർക്കാരിന്റെ സാംസ്കാരിക സമുച്ചയ പദ്ധതിയിൽ ഉൾപ്പെട്ട കാസർഗോഡ് സുബ്രമണ്യൻ തിരുമുൻപ് സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പദ്ധതിയുടെ എസ്.പി.വി. ആയ കെ.എസ്.എഫ്.ഡി.സി. മുഖേന നിർവഹിച്ച് വരികയാണ്. ടി സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന് ഒക്യുപെൻസി സർട്ടിഫിക്കറ്റ്, ബിൽഡിംഗ് പെർമിറ്റ്, ഫയർ ഫൈനൽ NOC എന്നിവ ലഭ്യമാകാത്തതിനാൽ സമുച്ചയത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

**(ബി)** എങ്കിൽ സ്ഥാപനത്തിന്റെ തുടർനടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കുമോ?

**<u>മറുപടി:</u>** ക്ലാസിക്കൽ-സമകാലീന-ഫോക് ലോർ കലാരൂപങ്ങളുടെ അവതരണത്തിനും ആസ്വാദനത്തിനും അവസരമൊരുക്കുന്നതിനാണ് സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. സമുച്ചയം പ്രവർത്തന സജ്ജമാക്കി വകുപ്പിന് കൈമാറി ലഭിച്ചതിന് ശേഷം സമുച്ചയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടുന്ന തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**